# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 513** **27.02.2018-ൽ മറുപടിക്ക്**

**കൂടംകുളത്തുനിന്നുള്ള 400 കെ വി ലൈനിന്റെ നിർമ്മാണം**

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും തൃശ്ശൂരിൽ വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുന്ന 400 കെ വി ലൈനിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി എത്ര ഏക്കർ ഭൂമിയാണ് അടയാളപ്പെടുത്തി നൽകിയിട്ടുള്ളത് ; വീടും, ഭൂമിയും നഷ്ടപെടുന്നവർക്ക് നൽകുന്ന പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) | കൂടംകുളം മുതൽ ഇടമൺ വരെയും, കൊച്ചി മുതൽ മാടക്കത്തറ വരെയുമുള്ള പവ്വർ ഹൈവേ നിർമ്മാണം പൂർത്തീകരിച്ച്കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 148 കി.മീ. ദൈർഘ്യമുള്ള ടി ലൈൻ കടന്നു പോകുന്ന കൊല്ലം, എറണാകുളം, കോട്ടയം, പത്തനംത്തിട്ട, ജില്ലകളിലായി ആകെ 447 ടവറുകൾ നിർമ്മിക്കാനുള്ളതിൽ 296 ടവറുകളുടെ ഫൗണ്ടേഷനുകളുടെ പണികളും 240 ലൊക്കേഷനുകളിൽ ഇറക്ഷൻ ജോലികളും 32 കിലോമീറ്ററിൽ ലൈൻവലിക്കലും ഇതിനകം പൂർത്തിയായിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ഇടമൺ - കൊച്ചി ലൈനിന്റെ 148 കി.മീ. നീളത്തിൽ 16 മീ. ലൈൻ ഇടനാഴി ആണ് അടയാളപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 300-ഓളം ടവർ ലൊക്കേഷനിലെ ഏകദേശം 15 സെന്റ് വീതം ഭൂമിയും അടയാളപ്പെടുത്തിയിട്ടുണ്ട്. ലൈൻ കടന്നു പോകുന്ന ഇടങ്ങളിലെ ഭൂമിയ്ക്കും വിളകൾക്കും, വീടിനും നൽകുന്ന നഷ്ടപരിഹാര പാക്കേജ് ഗവൺമെന്റ് ഉത്തരവുകൾ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.<br><br>1) ടവർ നില്ക്കുന്ന സ്ഥലത്ത് ഭൂമി വിലയുടെ 100 ശതമാനം (മൊത്തത്തിൽ ന്യായവിലയുടെ അഞ്ചിരട്ടിയിൽ കവിയാത്തവിധം).<br><br>2)ലൈൻ കമ്പികൾ കടന്നുപോകുന്നതിനു നേരെ താഴെ 16 മീറ്റർവീതിയിൽ വരുന്ന ഇടനാഴിയിൽ |

| | | | |
|---|---|---|---|
| | | | ന്യായവിലയുടെ 40 ശതമാനം എക്സ്ഗ്രേഷ്യയും കൂടാതെ അതാതിടങ്ങളിലെ ലൈനിന്റെ ഭൂമിയിൽ നിന്നുള്ള ഉയരത്തിന് ആനുപാതികമായി ഡിസ്പ്ലേസ്മെന്റ് അലവൻസും നൽകുന്നതാണ്. (മൊത്തത്തിൽ ന്യായവിലയുടെ അഞ്ചിരട്ടിയിൽ കവിയാത്തവിധം).<br><br>3) മുറിച്ച് മാറ്റേണ്ടി വരുന്ന വൃക്ഷങ്ങൾക്കും വിളകൾക്കും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്.<br><br>4)ലൈനിന് താഴെ വരുന്ന ഒഴിവാക്കാൻ ആവാത്ത വീടുകൾക്ക് പ്രത്യേക പാക്കേജ് ആയി ഒരു ലക്ഷം രൂപ വീതം നല്കുന്നതാണ്. കൂടാതെ കേടുപാടുകൾ വരുന്ന വീടുകൾക്ക് പി.ഡബ്ളി. ഡി മൂല്യനിർണ്ണയപ്രകാരം നഷ്ടപരിഹാരം നല്കുന്നതാണ്. |
| (ബി) | ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലെയിൻമെന്റിനു പകരം ലൈൻ തോട്ടങ്ങളിലൂടെയാക്കിയാൽ നഷ്ടപരിഹാരം നൽകേണ്ട തുകയിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും ജനങ്ങൾക്ക് താരതമ്യേന കുറവ് ഭൂമി മാത്രം നഷ്ടമാവുകയും ചെയ്യുവെന്നിരിക്കേ, ഇതിന്റെ സാധ്യതപോലും പരിശോധിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഇടമൺ - കൊച്ചി പാതയ്ക്ക് വിശദമായ സാങ്കേതിക – സാമ്പത്തിക പഠനങ്ങൾ നടത്തിയതിന് ശേഷമാണ് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലില്ല. |
| (സി) | പുതിയ ലൈനുകളുടെയും ടവറുകളുടെയും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പവർഗ്രിഡ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത് ; ഇതിനു മുൻപായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | നിർമ്മാണത്തിലിരിക്കുന്ന ഇടമൺ - കൊച്ചി ലൈൻ 2018 ഡിസംബറിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ ലൈനിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നില്ല. ടവർ നിൽക്കുന്ന സ്ഥലത്തിന്റെയും ഭൂവുടമകൾക്കും ലൈൻ കടന്നുപോകുന്നതിന്റെ തൊട്ടുതാഴെയുള്ള ഭൂമിയുടെ ഉടമകൾക്കും സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന രീതിയിൽ കോമ്പൻസേഷൻ കൊടുക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ